പി.റ്റി.(1)45524/2017

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.24.10.2017
Email : keralarcs@gmail.com
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

**സർക്കുലർ നമ്പർ 45/2017**

വിഷയം: സഹകരണ വകുപ്പ്- വൈത്തിരി സർക്കിൾ സഹകരണ യൂണിയന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സഹകരണ ഭവൻ നിർമ്മിക്കുന്നതിനായി വയനാട് ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന പിരിച്ചെടുക്കുന്നതിന് അനുവാദം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. സർക്കിൾ സഹകരണ യൂണിയന്റെ 16.9.2017 ലെ 1-ാം നമ്പർ തീരുമാനം.
2. 10.10.2017 ലെ വയനാട് ജോയിന്റ് രജിസ്ട്രാർ(ജനറൽ)ടെ സി.എസ്/3732/17 നമ്പർ കത്ത്.

*****

വയനാട് ജില്ലയിൽ വൈത്തിരി സർക്കിൾ സഹകരണ യൂണിയന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സഹകരണ ഭവൻ നിർമ്മിക്കുന്നതിനുള്ള ധനസമാഹരണത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ സഹകരണ വകുപ്പിന്റെ ഭരണത്തിൽ കീഴിലുള്ള വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി പിരിച്ചെടുക്കുന്നതിന് അനുവാദം നൽകണമെന്ന സൂചന(1) പ്രകാരമുള്ള അപേക്ഷ സൂചന രണ്ട് പ്രകാരം വയനാട് ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

സഹകരണ ഭവൻ നിർമ്മിക്കുന്നതുവഴി യൂണിയന്റെ പ്രവർത്തനം നടത്തുന്നതിനും വയനാട് ജില്ല ആസ്ഥാനമായ കൽപ്പറ്റയിൽ വിവിധ സ്വകാര്യ കെട്ടിടങ്ങളിൽ വാടക നൽകി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ വകുപ്പിലെ വയനാട് ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), വൈത്തിരി അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) എന്നീ ഓഫീസുകൾ ഒറ്റകെട്ടിടത്തിൽ പ്രവർത്തിക്കുവാൻ സാധിക്കും. മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണമുള്ള സഹകരണ സംഘങ്ങൾക്ക് 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56(2) ഡി പ്രകാരം രൂപീകരിച്ചിട്ടുള്ള പൊതു നന്മാ ഫണ്ടിൽ നിന്നും അതാത് സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സംഭാവന നൽകുന്നതിന് അനുവാദം നൽകുന്നു.

ഒപ്പ്
എസ്. ലളിതാംബിക, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. ചെയർമാൻ,സർക്കിൾ സഹകരണ യൂണിയൻ, വൈത്തിരി
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3. ജോയിന്റ് രജിസ്ട്രാർ(ജനറൽ)വയനാട്
4. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)വയനാട്
5. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)വൈത്തിരി
6. അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) വൈത്തിരി
7. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. വെബ്സൈറ്റ്
10. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)